DESPATCHED
On 2.10.21

7/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.662(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6463/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 7**

ശ്രീ. റ്റി.എൻ. രാധാകൃഷ്ണ പിള്ള,
പത്മാ നിവാസ്,
വാർഡ് നമ്പർ: 13,
ഉള്ളന്നൂർ പി.ഒ., കുളനട,
പത്തനംതിട്ട.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   മെഴുവേലി ഗ്രാമപഞ്ചായത്ത് ഓഫീസ്,
   ഇലവുംതിട്ട പി.ഒ., പത്തനംതിട്ട – 689 625.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,
   പത്തനംതിട്ട.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/12/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 21/05/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 24/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/09/2021 വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | അഡ്വക്കേറ്റ് ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി.എൻ.രാധാകൃഷ്ണപിള്ള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, മെഴുവേലി ഗ്രാമപഞ്ചായത്തിലെ 13–ാം വാർഡിൽ കളീയ്ക്കൽ പൊയ്ക മുതൽ മലദേവർ ക്ഷേത്രം വരെയുള്ള റോഡിന്റെ വീതി 4.5 മീറ്ററിൽ നിന്നും 2012 നുശേഷം മാറ്റം വരുത്തിയിട്ടുണ്ടോ എന്ന വിവരത്തിനായി വിവവരാവകാശ നിയമപ്രകാരം സമർപ്പിച്ച

അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ശരിയായ വിവരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.12.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, മെഴുവേലി പഞ്ചായത്ത് 13-ാം വാർഡിൽ കളീയ്ക്കൽ പൊയ്ക മുതൽ വട്ടമോടി വഴി മലദേവർക്ഷേത്രം വരെയുള്ള നിർമ്മാണത്തിലുള്ള റോഡിന്റെ വീതി 4.5 മീറ്ററിൽ നിന്നും 2012 നുശേഷം വർദ്ധിപ്പിക്കുകയോ, ചുരുക്കുകയോ ചെയ്തിട്ടുണ്ടോ എന്നും ചെയ്തിട്ടുണ്ടെങ്കിൽ ആ തീരുമാനം എടുത്തത് നിയമാനുസൃതമായി ആരായിരുന്നെന്നും, എന്നായിരുന്നെന്നും അറിയിക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.01.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, മെഴുവേലി ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മലദേവർ - കളീയ്ക്കൽ പൊയ്ക റോഡിന് ആസ്തി രജിസ്റ്റർ പ്രകാരം 7 മീറ്റർ വീതിയുള്ളതായി കാണുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്.

4. മേൽപ്പടി മറുപടിയിൽ അവ്യക്തതയുള്ളതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തികച്ചും തെറ്റും വസ്തുതാവിരുദ്ധവുമായതിനാൽ പരാമർശിത റോഡിന്റെ വീതി സംബന്ധമായ കൃത്യമായ വിവരം നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. 8.1.2021 തീയതി നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചാണ് ഒന്നാം അപ്പീൽ ഹർജി സമർപ്പിച്ചിരുന്നതെന്നും അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും മെഴുവേലി ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വഴിയുടെ വീതി സംബന്ധിച്ച വിവരമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ. മെഴുവേലി ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ - എൽ.എസ്.ജി.ഡി.യുടെ പക്കൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിവരം നൽകിയതെന്നും ലഭ്യമായ വിവരങ്ങൾ നൽകുക എന്നതാണ് വിവരാവകാശ നിയമപ്രകാരം വിവിക്ഷിക്കുന്നത് എന്നതിനാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ ആക്ഷേപം കാണുന്നില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള വിവരമാണ് നൽകിയതെന്നും, അപ്പീൽ വാദിക്ക് ടി മറുപടിയിൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട എൽ.എസ്.ജി.ഡി.

ഓഫീസിലെ ഭരണസംവിധാനം വഴി ആക്ഷേപം ഉന്നയിച്ച് പരിഹാരം തേടാവുന്നതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മെഴുവേലി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിലേയും നിലവിലെ പഞ്ചായത്ത് ആസ്തി രജിസ്റ്റർ പ്രകാരവുമുള്ള വിവരങ്ങളാണ് അപേക്ഷകന് നൽകിയിട്ടുള്ളതെന്നും അപ്പീൽവാദിക്ക് ലഭ്യമായ മറുപടിയിലെ സാങ്കേതിക കാര്യങ്ങളിൽ ആക്ഷേപമുള്ളപക്ഷം ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. ഓഫീസിലെ ഭരണസംവിധാനം വഴി പരാതി പരിഹരിക്കാൻ ശ്രമിക്കാവുന്നതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, മെഴുവേലി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിന്റെയും അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് എതിർകക്ഷികൾ നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ബന്ധപ്പെട്ട പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാക്കുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുകയെന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ചുമതല എന്നതിനാൽ എതിർകക്ഷികൾ നൽകിയ മറുപടികൾ വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഉന്നയിച്ച പരാമർശിത റോഡിന്റെ വീതി 2012 നുശേഷം 7 മീറ്ററായി വർദ്ധിപ്പിച്ചത് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ മറ്റോ ആയിരുന്നുവെങ്കിൽ, ആരായിരുന്നു ടി തീരുമാനമെടുത്തതെന്നും എന്നായിരുന്നുവെന്നും പരിശോധിക്കുന്നതിന് ടി റോഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിലും, ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും, ലഭ്യമായ എല്ലാ രജിസ്റ്ററുകളും, കമ്പ്യൂട്ടർ രേഖകളും നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനും ആവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനും എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 സെപ്റ്റംബർ 7–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി